# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.802</u> <u>08.01.2014 ൽ മറുപടിക്ക്</u>

## <u>108 ആംബുലൻസുകൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന 108 ആംബുലൻസുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ ; | (എ) | സംസ്ഥാനത്ത് നിലവിൽ തിരുവനന്തപുരം ജില്ലയിൽ 25 ഉം ആലപ്പുഴ ജില്ലയിൽ 18 ഉം '108' ആംബുലൻസുകളാണ് സർവ്വീസ് നടത്തി വരുന്നത്. |
| (ബി) | പൂർണ്ണമായും പ്രവർത്തനസജ്ജമായ എത്ര 108 ആംബുലൻസുകൾ ഇപ്പോൾ സർവ്വീസ് നടത്തിവരുന്നു; | (ബി) | ഇപ്പോൾ സർവ്വീസ് നടത്തിവരുന്ന എല്ലാ 108 ആംബുലൻസുകളും പ്രവർത്തനസജ്ജമാണ്. എങ്കിലും നാല് ആംബുലൻസുകൾ സർവ്വീസി നിടയിൽ സംഭവിച്ച അപകടങ്ങൾ മൂലം അറ്റകുറ്റപ്പണികളിലാണ്. |
| (സി) | 108 ആംബുലൻസുകളുടെ അറ്റകുറ്റ പ്പണിയുടെ ചുമതല ആരിലാണ് നിക്ഷിപ്തമാക്കിയിരിക്കുന്നത് ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (സി) | 02.01.2012 ലെ സ.ഉ (സാധാ.) നം. 07/2012/ആ.കു.വ പ്രകാരം '108' ആംബുലൻസു കളുടെ പ്രവർത്തനങ്ങളുടെ മാനേജിംഗ് ഏജൻസി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേ ഷനാണ്. ഒരു പി.പി.പി മോഡൽ (പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ്) ആയാണ് ഈ പ്രോജക്ട് പ്രവർത്തിക്കുന്നത്. ഇതിൽ വാഹന ങ്ങളുടെ അറ്റകുറ്റപ്പണികളുടെ പൂർണ്ണ ചുമതല ദർഘാസ് നടപടികളിലൂടെ തിരഞ്ഞെടുക്കുന്ന ഏജൻസിക്കായിരിക്കും. നിലവിൽ ഇതിന്റെ ഓപ്പറേറ്റിംഗ് ഏജൻസി (ജി.വി.കെ) എമർജൻസി മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിട്യൂട്ട് ആണ്. കരാർ പ്രകാരം പ്രസ്തുത വാഹനങ്ങളുടെ അറ്റകുറ്റപ്പണി ഓപ്പറേറ്റിംഗ് ഏജൻസി വഹിക്കേണ്ടതാണ്. |
| (ഡി) | '108 'ആംബുലൻസുകളുടെ നിലവിലെ നടത്തിപ്പ് ചുമതല നിക്ഷിപ്തമാക്കിയിട്ടുള്ളവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) | സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന '108' ആംബുലൻസുകളുടെ നിലവിലെ നടത്തിപ്പ് ചുമതല ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ജി.വി.കെ ഇ.എം.ആർ.ഐ (എമർജൻസി മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിട്യൂട്ട്) എന്ന ഏജൻസിക്കാണ്. |

| | | | |
|---|---|---|---|
| (ഇ) | 108 ആംബുലൻസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കാമോ ? | (ഇ) | 108 ആംബുലൻസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിവിധ മോണിറ്ററിംഗ് രീതികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ ദൈനംദിന റിപ്പോർട്ടുകൾ, മാസാവലോകന റിപ്പോർട്ടുകൾ എന്നിവ കൂടാതെ ആംബുലൻസുകളുടെ തൽസമയ നിരീക്ഷണം, (GPS- Global Posting System), ഓഡോമീറ്റർ അടക്കമുള്ള പരിശോധനകൾ എന്നിവ ഉൾപ്പെടുന്നു. കൂടാതെ 108 ആംബുലൻസുകളുടെ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രസ്തുത സേവനം ലഭ്യമായവരുടെ പ്രതികരണം ശേഖരിക്കുകയും കൃത്യമായി അവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ